(ബി) പ്രസ്തുത സബ്സ്റ്റേഷൻ 110 കെ. വി. ആയി ഉയർത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നോ; ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സമയ ക്ലിപ്തത നിശ്ചയിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ഇതിനോടകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) മുരിക്കാശ്ശേരി 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം 2006-ൽ വൈദ്യുതി ബോർഡ് വാങ്ങിക്കുകയും നിരപ്പാക്കി ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) മുരിക്കാശ്ശേരിയിൽ നിർമ്മിക്കാൻ അനുമതി നൽകിയ 33 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തി നിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം (proposal) ഇടക്കാലത്ത് വന്നിരുന്നു. എന്നാൽ ഇതിനകം കുത്തുങ്കലിൽ ഒരു 110 കെ.വി. സബ്സ്റ്റേഷനും, സേനാപതിയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷനും പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുള്ള സാഹചര്യത്തിലും 110 കെ.വി. ലൈൻ വലിക്കുന്നതിനെതിരായുള്ള എതിർപ്പും ഉപഭോക്താക്കളുടെ എണ്ണവും കണക്കിലെടുത്തും ആദ്യം നിർദ്ദേശിക്കപ്പെട്ടതുപോലെ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ പരിഗണനയിലുള്ളത്. ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സോളാർ പാനൽ

20 (4011) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന എത്ര ഏജൻസികളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജം ലഭ്യമാക്കുന്ന എത്ര സ്വകാര്യ ഏജൻസികൾ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് വ്യാപകമായി സ്വകാര്യ സ്ഥാപനങ്ങൾ സോളാർ പാനൽ സ്ഥാപിച്ചു നൽകുമെന്ന് പരസ്യം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അനെർട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയിൻ കീഴിൽ ഇപ്പോൾ 22 കമ്പനികളെയാണ് അനെർട്ട് ചുമതലപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര മന്ത്രാലയം (MNRE) അംഗീകരിച്ച കമ്പനികളിൽ നിന്നും ടെണ്ടർ നടപടി വഴിയാണ് അനെർട്ട് ഈ കമ്പനികളെ എംപാനൽ ചെയ്തിരിക്കുന്നത്. പ്രസ്തുത ലിസ്റ്റ് എം.എൻ.ആർ. ഇ. ചാനൽ പാർട്ട്ണേഴ്സ് ലിസ്റ്റ് പുതുക്കുന്നതിന് അനുസരിച്ച് പുതുക്കപ്പെടുന്നതാണ്.

(സി&ഡി) ഉണ്ട്. സർക്കാർ/സർക്കാർ അംഗീകൃത ഏജൻസിയുടെ അംഗീകാരമില്ലാതെ സോളാർ പാനൽ സ്ഥാപിച്ച നൽകുന്ന സ്വകാര്യ സ്ഥാപനങ്ങൾ എന്തെങ്കിലും ക്രമക്കേടുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

വൈദ്യുത ലൈനുകൾ പരസ്യത്തിന് ഉപയോഗിക്കുന്നത് തടയുന്നതിന് നടപടി

21 (4012) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ വൈദ്യുത ലൈനുകളിൽ മറ്റ് കേബിളുകൾ വലിയ്ക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്;

(ബി) ഇതിനുള്ള മാനദണ്ഡം എന്താണ്; എത്ര തുകയാണ് ഇതിനായി കെ.എസ്.ഇ.ബി ഈടാക്കുന്നത്;

(സി) കെ.എസ്.ഇ.ബി.-യുടെ വൈദ്യുത ലൈനുകളിൽ ആലേഖനം ചെയ്തിട്ടുള്ള തിരിച്ചറിയൽ നമ്പരുകൾ പോലും മറച്ചുകൊണ്ട് പെയിന്റ് ഉപയോഗിച്ച് ചില സംഘടനകളുടെ പരസ്യ പ്രചരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ഇ.ബി.-യുടെ സ്വന്തം വകയായ ഇത്തരം ലൈനുകളിൽ പെയിന്റ് ചെയ്ത് പ്രചരണം നടത്തുന്നവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) ലൈനുകളിലെ മറ്റ് പ്രചാരണങ്ങൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ)നിലവിൽ ടി.വി. കേബിളിന് പുറമേ തിരുവനന്തപുരം (അർബൻ), എറണാകുളം മേഖലകളിൽ റിലയൻസ് ജിയോ ഇൻഫോകോമിനും വൈദ്യുത പോസ്റ്റുകളിൽ കൂടി ഓപ്റ്റിക്കൽ ഫൈബർ വലിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly